ഖുത്ബ
8.12.2006
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# റബ്ബുൽ ആലമീൻ
# സർവ്വലോക പരിപാലകൻ
## (4)

**അ**ല്ലാഹു സർവ്വലോകപരിപാലകനാണ്. പാലനം എന്ന അവന്റെ സവിശേഷഗുണങ്ങളിലൊന്ന് പൊതുവായിട്ടുള്ളതാണ്. ഇതിൽനിന്ന് എല്ലാ മനുഷ്യരും പക്ഷിമൃഗാദികളും എന്നല്ല ആകാശത്തിലും ഭൂമിയിലുമുള്ള ഓരോ വസ്തുവും ഓരോ അണുവും ഫലമെടുത്തുകൊണ്ടിരിക്കുന്നു. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "റബ്ബുൽ ആലമീൻ എത്രമാത്രം അർത്ഥം ഉൾക്കൊള്ളുന്ന പദസമൂഹമാണ്. ആകാശഗോളങ്ങളിൽ ജനവാസമുണ്ടെന്ന് സ്ഥാപിതമായാലും അവരും ഈ വാക്യത്തിന്റെ കീഴിൽ വരുന്നു." വീണ്ടും പറഞ്ഞു: "ഇത് പറഞ്ഞുകൊണ്ട് യാഥാർത്ഥ്യമെന്താണെന്ന് അല്ലാഹു നമുക്ക് പറഞ്ഞുതന്നു- അവൻ റബ്ബുൽആലമീനാണെന്ന്. അതായത്, എവിടെവരെ ജനവാസമുണ്ടോ, എവിടെവരെ ഏതെതെല്ലാം തരത്തിലുള്ള സൃഷ്ടികളുണ്ടോ- അത് ശരീരങ്ങളാവട്ടെ ആത്മാക്കളാവട്ടെ അവയെല്ലാം സൃഷ്ടിച്ചവനും പരിപാലിക്കുന്നവനുമായ ദൈവമാകുന്നു അവൻ. അവനെപ്പോഴും അവയെ പരിപാലിക്കുകയും യോഗ്യമായവിധം അവർക്കു വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. മുഴുവൻ ലോകത്തും എല്ലാ നേരവും ഓരോ നിമിഷവും അവന്റെ പരിപാലനവും നിരുപാധികമായ കാരുണ്യവും സോപാധികമായ കാരുണ്യവും രക്ഷാശിക്ഷയും നടന്നുകൊണ്ടിരിക്കുന്നു."

ഇത് അല്ലാഹുവിന്റെ ഒരു പൊതുവായ അനുഗ്രഹമാണ്. എല്ലാ വസ്തുക്കൾക്കും ഇത് കിട്ടിക്കൊണ്ടിരിക്കുന്നു. അല്ലെങ്കിൽ എല്ലാ വസ്തുക്കളും അതിൽനിന്നും ഫലമെടുത്തുകൊണ്ടിരിക്കുന്നു. പക്ഷേ, പ്രത്യേകമായ അവന്റെ പരിപാലനത്തിനുള്ള ഒരു തെളിവുമുണ്ട്. അത് അവന്റെ പ്രത്യേക ദാസരോടുള്ള പെരുമാറ്റമാണ്. അവയിൽ ഒന്നാംസ്ഥാനത്ത് നില്ക്കുന്നത് നബിമാരാണ്. നബിമാരിൽ അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടത് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയാണ്.

അല്ലാഹുവിന്റെ ഈ പ്രത്യേക ദാസരുടെ ചില സംഭവങ്ങൾ ഞാൻ ഇന്ന് പറയുന്നതാണ്. അവർ അല്ലാഹുവിന്റെ ഈ പ്രത്യേക പെരുമാറ്റത്തിൽ ഭാഗഭാക്കായവരാണ്. ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ എല്ലാ പാരിതോഷികങ്ങളിൽനിന്നും അവന്റെ സവിശേഷഗുണമായ പരിപാലനത്തിൽ നിന്നും പൂർണ്ണമായും അനുഗ്രഹം നേടിയ ആൾ നബി(സ) തിരുമേനിയാകുന്നു. എങ്ങനെയാണ് അല്ലാഹു, നബി(സ)യുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും പൂർത്തിയാക്കിക്കൊടുത്തതെന്ന് മനസ്സിലാകുന്ന ചില സംഭവങ്ങൾ ഞാനിപ്പോൾ വിവരിക്കുന്നതാണ്. നേരിട്ട് നബി(സ) യെ മാത്രമല്ല, മറിച്ച് നബി(സ) കാരണം അവിടത്തെ സഹാബിമാരും പരിപാലനം എന്ന സവിശേഷഗുണമനുസരിച്ച് അല്ലാഹു നബി(സ)ന് കൊടുത്ത ആ സമ്മാനങ്ങളിൽ ഭാഗഭാക്കായിരുന്നു.

നമുക്കെല്ലാവർക്കുമറിയാം നബി(സ) തിരുമേനി തന്റെ ജനനസമയം മുതൽ, അല്ല അതിനേക്കാൾ മുമ്പേ അല്ലാഹുവിന്റെ പാലനത്തിന്റെ ഒരു തിളങ്ങുന്ന ദൃഷ്ടാന്തമാണ്. നബി(സ) തിരുമേനിയുടെ ജീവിതത്തിന്റെ ഓരോ നിമിഷവും, മുഹമ്മദിന്റെ റബ്ബിന്റെ മഹിമാവിലാസം കാണിക്കുന്നതായിരുന്നു. അതെല്ലാം വിവരിക്കാൻ ഒരു രീതിയിലും സാധ്യമല്ല. അതവസാനിക്കുകയുമില്ല. അതിൽ ആത്മീയമായ ദിവ്യാത്ഭുതത്തിന്റെ ശോഭയുണ്ട്. അതുമുഖേന അല്ലാഹുവിന്റെ പാലനം എന്ന ഗുണവിശേഷത്തെക്കുറിച്ച് അറിയാൻ കഴിയുന്നു. ബാഹ്യമായി ഭൗതികകാര്യങ്ങൾ സംഘടിപ്പിച്ചുകൊടുത്ത രണ്ടാമത്തെ ദിവ്യാത്ഭുതവുമുണ്ട്. ഇതിൽനിന്ന് എങ്ങനെയാണ് അല്ലാഹു തന്റെ പ്രിയപ്പെട്ടവരുടെമേൽ തന്റെ സവിശേഷഗുണം പ്രകടിപ്പിച്ചിരുന്നതെന്നും മനസ്സിലാകുന്നു.

ഏറ്റവുമാദ്യം ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ റുബൂബിയ്യത്ത് അഥവാ പാലനത്തിന്റെ ഒരു മഹത്തായ ആത്മീയപ്രഭയെ കുറിച്ച് പറയാം. അവിടന്ന് പറയുന്നു: "റബ്ബിൽ ആലമീൻ എന്ന വിശേഷഗുണത്തിൽ എങ്ങനെയാണ് നബി(സ) മാതൃക കാണിച്ചത്. അവിടന്ന് അങ്ങേയറ്റം ബലഹീനാവസ്ഥയിൽ വളർന്നു. ആത്മീയവും

ദീനീപരവുമായ ശക്തികളെ വളർത്തിയെടുക്കാൻ പറ്റിയ മദ്രസയിലോ സ്കൂളിലോ പോകാൻ ഒരവസരവും ഉണ്ടായിരുന്നില്ല. വിദ്യാസമ്പന്നരായ ഏതെങ്കിലും ജനതകളുമായി കാണാനുള്ള സന്ദർഭവും ഒരിക്കലും കിട്ടിയിരുന്നില്ല. ഉയർന്ന വിദ്യാഭ്യാസത്തിനും സന്ദർഭം ഉണ്ടായില്ല. തത്ത്വശാസ്ത്രങ്ങളുടെ അതിലോലവും നേർത്തതുമായ അറിവ് നേടാനുള്ള ഒഴിവും കിട്ടിയിരുന്നില്ല. ഇത്തരം അവസരങ്ങൾ ലഭ്യമാകാതിരുന്നിട്ടും, വിശുദ്ധഖുർആനെപ്പോലുള്ള ഒരു ഉപദേശഗ്രന്ഥം നബി(സ)ന് നല്കപ്പെട്ടു. അതിലെ ഉന്നതമായ യഥാർത്ഥ അറിവുകൾക്ക് മുമ്പിൽ മറ്റ് അറിവുകളെല്ലാം നിഷ്പ്രഭമായിപ്പോയി. അല്പം ചിന്തിച്ചും ആലോചിച്ചും ആരെങ്കിലും വിശുദ്ധഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ ലോകത്തിലെ സകല തത്ത്വശാസ്ത്രങ്ങളും ജ്ഞാനങ്ങളും അതിന്റെ മുമ്പിൽ ഒന്നുമല്ലായെന്നും എല്ലാ ശാസ്ത്രജ്ഞന്മാരും തത്ത്വജ്ഞാനികളും ഇതിന് വളരെ പിന്നിലാണെന്നും അവർക്ക് മനസ്സിലാക്കാൻ കഴിയും."

നോക്കുക, വിശുദ്ധഖുർആൻ ഇന്നേക്ക് 1400 വർഷം മുമ്പേ ഒരു ജീവൽഗ്രന്ഥമായിരുന്നു. ആ കാലത്തിന്റെ അവസ്ഥയ്ക്കനുസരിച്ച് അന്നുണ്ടായിരുന്നവർക്ക് അത് ഉപദേശമായിരുന്നു. അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചിരുന്നു. അതുപോലെ നവീനമായ വിഷയങ്ങളും കണ്ടുപിടിത്തങ്ങളും മനുഷ്യന്റെ മുമ്പിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തും അത് സജീവമാണ്. ഈ എല്ലാ ദിവ്യാത്ഭുതങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ഭൗതികമായ എന്തെങ്കിലും അറിവ് പഠിച്ചവരുടേയോ തത്വശാസ്ത്രം അറിഞ്ഞവരുടെയോ പ്രവർത്തിയല്ല. മറിച്ച്, ആ റബ്ബുൽആലമീന്റെ പ്രവൃത്തിയാണ്. അത് ആദ്യ ദിവസം മുതൽ തന്നെ നബി(സ) തിരുമേനിയെ തന്റെ മടിത്തട്ടിലേക്ക് എടുത്തിരുത്തിയ ആ റബ്ബുൽ ആലമീന്റെ പ്രവൃത്തിയാണ്. നബി(സ)ന് കിട്ടിയ നടപ്പിലും ഇരുപ്പിലും സ്വഭാവത്തിലുമുള്ള ശിക്ഷണം അക്കാലത്തും കാണാമായിരുന്നു. ഇതൊന്നും ഏതെങ്കിലും പണ്ഡിതന്റേയോ, സ്ഥാപനത്തിന്റേയോ ശ്രമഫലമായിട്ടായിരുന്നില്ല. പ്രത്യുത, ഈ ശിക്ഷണങ്ങളും ഈ പരിശീലനവുമെല്ലാം റബ്ബുൽ ആലമീന്റെ നേരിട്ടുള്ള പ്രവൃത്തിയായിരുന്നു. ഈ ജ്ഞാനങ്ങളൊന്നും നബി(സ)ന് അറിയുകയില്ലായിരുന്നുവെന്നും എന്നല്ല വായിക്കാൻപോലും അറിയാത്ത ആളായിരുന്നുവെന്നും വിശുദ്ധഖുർആൻ സാക്ഷി പറയുന്നു. ആദ്യം വെളിപാടുണ്ടായപ്പോൾതന്നെ നബി(സ) പറഞ്ഞു: ***മാ അന ബിഖാരിഇൻ***, എനിക്ക് വായിക്കാനറിയുകയില്ല. മലക്ക്, മൂന്നുപ്രാവശ്യം തന്നിലേക്ക് വലിച്ചടുപ്പിച്ചു. ഓരോ പ്രാവശ്യവും അവിടത്തെ മറുപടി ഇതുതന്നെയായിരുന്നു. പിന്നീട് അല്ലാഹു വെളിപാടിറക്കി. ***ഇഖ്റഅ് ബിസ്മിറബ്ബിക്കല്ലദീ ഖലഖ്***. നിന്റെ റബ്ബിന്റെ നാമത്തിൽ വായിക്കുക. അവൻ എല്ലാ വസ്തുക്കളും സൃഷ്ടിച്ചവനാണ്. എന്നിട്ട് നോക്ക്, ആകാശത്തിലേയും ഭൂമിയിലേയും സകല വസ്തുക്കളും സൃഷ്ടിച്ച ആ റബ്ബ്, തുല്യത ലഭിക്കാത്ത അറിവിന്റേയും ജ്ഞാനത്തിന്റേയും ഖജനാവ് നമ്മളിൽ എത്തിച്ചു. പോപ് ഉൾപ്പെടെയുള്ള ആക്ഷേപകന്മാർ, ഖുർആൻ പുതിയതായി എന്താണ് തന്നതെന്ന് ചോദിക്കുന്നു. റബ്ബിനെക്കുറിച്ചുള്ള ഭാവന എല്ലാ മതത്തിലുമുണ്ടെന്നും പക്ഷേ ഇതിനെ എല്ലാ മതവും വികൃതമാക്കിയെന്നും ആദ്യത്തെ വെളിപാടിലൂടെ അല്ലാഹു നബി(സ)യെക്കൊണ്ട് വിളംബരം ചെയ്യിച്ചു. റബ്ബിനെക്കുറിച്ചുള്ള ഭാവന വികൃതമാക്കിയതിനുശേഷം ചെറിയചെറിയ റബ്ബുമാരെ ഇവർ സൃഷ്ടിച്ചു. ഇനി തന്റെ ഈ ദാസൻ മുഖേന റബ്ബിനെ തിരിച്ചറിയുക എന്നും അദ്ദേഹത്തിന്റെ ഓരോ കാര്യത്തിന്റേയും തുടക്കവും തന്റെ റബ്ബിന്റെ പേരിലാണെന്നും അദ്ദേഹം തന്റെ പരിപാലനത്തിൽ വളർന്നയാളാണെന്നും അദ്ദേഹത്തിന്റെ അറിവിന്റേയും ജ്ഞാനത്തിന്റേയും ഉറവിടവും താൻ തന്നെയാണെന്നും അല്ലാഹു പറയുന്നു. എന്നാൽ, അക്രമം ചെയ്യാൻ കച്ചകെട്ടി ഇറങ്ങിയിട്ടുള്ളവർക്കും, അജ്ഞതയും വിദ്വേഷവും അഹങ്കാരവും ശീലമാക്കിയിട്ടുള്ളവർക്കും ഏത് പുതിയ കാര്യമാണ് കൊണ്ടുവന്നതെന്ന് കാണാൻ കഴിയുന്നില്ല. ശത്രുത കൊണ്ട്, വിശുദ്ധഖുർആന്റെ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും പ്രയോജനപ്പെടുത്തുന്നതിനു പകരം ഇതിലെ അറിവുകൾ മനസ്സിലാക്കാത്ത കാരണത്താൽ അത്തരക്കാരെ നഷ്ടത്തിലാക്കുമെന്ന് വിശുദ്ധഖുർആൻ ആദ്യമേതന്നെ പ്രഖ്യാപിച്ചു. ഇത് അവരുടെ നിർഭാഗ്യമാണ്. എന്തായാലും പരിപാലനത്തിന്റെ ഈ മഹത്തായ കാര്യം പറഞ്ഞതിനുശേഷം നബി(സ)യുടെ നിത്യജീവിതത്തിൽ നമുക്ക് കാണാൻ കഴിയുന്ന അല്ലാഹുവിന്റെ പാലനത്തെക്കുറിച്ച് ഞാൻ പറയുകയാണ്. ഞാൻ പറഞ്ഞതുപോലെ ഈ വിവരണം ഒരിക്കലും അവസാനിക്കുകയില്ല. എങ്കിലും ചില സംഭവങ്ങൾ സമർപ്പിക്കുകയാണ്.

ഒരു സംഭവം ഒരു യാത്രയിൽ നടന്നതാണ്. യാത്രമദ്ധ്യേ സംഘം ഒരിടത്ത് തമ്പടിച്ചു. പക്ഷേ, യാത്രാക്ഷീണം കാരണത്താൽ സുബ്ഹി നമസ്കാരനേരത്ത് ആരും ഉണർന്നില്ല. എല്ലാവരും ഉണർന്നപ്പോൾ നബി(സ) തിരുമേനി ഇവിടെ താമസിക്കണ്ടെന്നും പെട്ടെന്ന് പോകാമെന്നും പറഞ്ഞു. കുറച്ചു

ദൂരെ ചെന്നതിനുശേഷം അംഗസ്നാനം വരുത്തി നമസ്കരിച്ചു. ഇതിനുശേഷം ഒരു സഹാബി തനിക്ക് ദാഹിക്കുന്നുവെന്ന് പറഞ്ഞു. വെള്ളം കുറവായിരുന്നു അവിടെ. നബി(സ) തന്റെ രണ്ട് കൂട്ടുകാരെ വെള്ളം കൊണ്ടുവരാൻ അയച്ചു. അല്ലാഹു എന്തെന്തെല്ലാം ഏർപ്പാടുകളാണ് ചെയ്തതെന്ന് ഈ സംഭവത്തിൽ നമുക്ക് കാണാൻ കഴിയും. അത് സ്വന്തം ആളുകളുടെ ഈമാൻ വർദ്ധിക്കുന്നതിനും അന്യരിൽ അത്ഭുതമുളവാക്കുന്നതിനും കാരണമായി. ഒരു ഹദീസാണ്. ഇതിന്റെ ആദ്യഭാഗം വിട്ടുകൊണ്ട് എന്റെ വിഷയവുമായി ബന്ധപ്പെട്ട കാര്യം കേൾപ്പിക്കുകയാണ്.

"ജനങ്ങൾ തങ്ങൾക്ക് ദാഹിക്കുന്നുവെന്ന് നബി(സ) തിരുമേനിയോട് പറഞ്ഞു. അവിടന്ന് പുറത്തുവന്ന് ഹദ്റത്ത് അലി(റ)യേയും മറ്റൊരാളേയും വിളിച്ചുകൊണ്ട്, നിങ്ങൾ രണ്ടുപേരും പോയി വെള്ളം കൊണ്ടുവരാൻ പറഞ്ഞു. അങ്ങനെ അവർ രണ്ടുപേരും നടന്നു. ഒരു ഒട്ടകപ്പുറത്ത് അവർ ഒരു സ്ത്രീയെ കണ്ടു. വെള്ളം നിറച്ച തോൽപാത്രം അവരുടെ പക്കലുണ്ടായിരുന്നു. വെള്ളം എവിടെ കിട്ടുമെന്ന് അവർ ആ സ്ത്രീയോട് ചോദിച്ചു. ഞാനിന്നലെ വെള്ളം അവിടെ കണ്ടിരുന്നുവെന്നും ഞങ്ങളുടെ ആളുകൾ പിന്നിലുണ്ടെന്നും അവർ അറിയിച്ചു. ഞങ്ങളോടൊപ്പം നബി(സ) തിരുമേനിയുടെ അടുക്കലേക്ക് വരാൻ ആ സ്ത്രീയോട് അവർ പറഞ്ഞു. ആ സ്ത്രീ മുസ്ലിമായിരുന്നില്ല. അവർ പറഞ്ഞു, ആ സാബി എന്നു പറയുന്ന ആളുടെയടുത്തേക്കാണോ? അതെ എന്ന് അവർ അറിയിച്ചു. ആ സ്ത്രീയെ നബി(സ) തിരുമേനിയുടെയടുക്കൽ അവർ കൊണ്ടുവന്നു. നബി(സ) തിരുമേനിയോട് നടന്നതെല്ലാം പറഞ്ഞു. ഹദ്റത്ത് ഉംറാൻ പറയുന്നു. അവർ ആ സ്ത്രീയെ അവരുടെ ഒട്ടകപ്പുറത്തുനിന്ന് താഴെയിറക്കി. നബി (സ) ഒരു പാത്രം വാങ്ങി. ആ തോൽ സഞ്ചിയിൽ നിന്ന് പാത്രം നിറച്ചു. അതിന്റെ മുകളിലത്തെ വായ മൂടിക്കെട്ടി. താഴത്തെ വായ തുറന്നുവെക്കുകയും വെള്ളം എടുത്തുകൊള്ളാൻ എല്ലാവരോടും പറയുകയും ചെയ്തു. ഓരോരുത്തരും മതിയാവോളം കുടിക്കുകയും കുടിപ്പിക്കുകയും ചെയ്തു. തുടർന്നു പറയുന്നു. വെള്ളം വിതരണം ചെയ്യുന്നതും ജനങ്ങൾ കുടിക്കുന്നതും ആ സ്ത്രീ നോക്കിക്കാണുന്നുണ്ടായിരുന്നു. ഒരു ദിവസത്തെ യാത്രയ്ക്കുള്ള വെള്ളമാണ് താൻ കൊണ്ടുവന്നതെന്നും, ഇനി തന്റെ അവസ്ഥ എന്താകുമെന്നും അവർ ചിന്തിച്ചിട്ടുണ്ടാകും. പക്ഷേ, പറയുന്നു. അല്ലാഹുവിനാണ സത്യം, ആ തോൽ സഞ്ചികളിൽനിന്ന് ജനങ്ങൾ അകന്ന ഘട്ടത്തിലും ആദ്യത്തെ അവസ്ഥയിൽതന്നെ അവ വെള്ളത്താൽ നിറഞ്ഞിരുന്നു. അതായത്, വെള്ളം നിറച്ച തോൽസഞ്ചിയുമായി ആ സ്ത്രീ വന്നതുപോലെ വെള്ളം മുഴുവൻ അതിൽ നിന്നെടുത്തതിനുശേഷവും, അത് ശൂന്യമാകുന്നതിനു പകരം അതേ രീതിയിൽ തന്നെ വെള്ളത്താൽ നിറഞ്ഞിരിക്കുന്നതായി കണ്ടുവെന്ന് സാക്ഷികൾ പറയുന്നു. നബികരീം(സ) ആ സ്ത്രീയ്ക്കു എന്തെങ്കിലും സഹായം ചെയ്യാൻ അനുയായികളോട് പറഞ്ഞു. ഉണങ്ങിയ കാരക്കയും, കുറച്ച് ആട്ടയും മലർപ്പൊടിയും അവർ സ്വരുകൂട്ടി. അങ്ങനെ ഒരുപാട് ഭക്ഷണസാധനങ്ങൾ അവർക്ക് കിട്ടി. അത് ഒരു തുണിയിൽ പൊതിഞ്ഞ് ആ സ്ത്രീയുടെ ഒട്ടകത്തിന്റെമേൽ വെച്ചുകൊടുത്തു. എന്നിട്ട്, നബി (സ) പറഞ്ഞു. നിങ്ങളുടെ വെള്ളത്തിൽ ഞങ്ങൾ ഒരു കുറവും വരുത്തിയിട്ടില്ലെന്ന് നിങ്ങൾക്കറിയാമല്ലോ. അല്ലാഹു തന്നെയാണ് ഞങ്ങളെ കുടിപ്പിച്ചത്. ഇതിനുശേഷം അവർ തന്റെ വീട്ടുകാരുടെയടുക്കൽ വന്നു. അപ്പോൾ താമസിക്കാനുണ്ടായ കാരണം ആരോ ചോദിച്ചു. അവർ പറഞ്ഞു. വളരെ അത്ഭുതകരമായൊരു സംഗതി നടന്നു. രണ്ടാളുകൾ എന്നെ കണ്ടു. അവർ, എന്നെ സാബി എന്നു പറയുന്ന ആളുടെയടുക്കൽ കൊണ്ടുപോയി. അല്ലാഹുവാണ, അയാൾ ഇങ്ങനെ ഇങ്ങനെയൊക്കെ ചെയ്തു. ആകാശത്തിലേക്കും ഭൂമിയിലേക്കും ചൂണ്ടിക്കൊണ്ട് അയാൾ ഇതിനേക്കാളും അതിനേക്കാളുമെല്ലാം വലിയ ഇന്ദ്രജാലക്കാരനാണെന്ന് പറഞ്ഞു."

നോക്കുക, ആ മരുഭൂമിയിൽ, അവിടെയാണെങ്കിൽ ദൂരദൂരവരെ വെള്ളത്തിന്റെ അടയാളംപോലും ഉണ്ടായിരുന്നില്ല. ആ സ്ത്രീയെ അയച്ചുകൊണ്ട് അല്ലാഹു അവർക്കെല്ലാം വെള്ളത്തിനുള്ള ഏർപ്പാട് ചെയ്തു. ഇതാണ് ഇസ്ലാമിന്റെ റബ്ബ്. അവൻ ആവശ്യങ്ങൾ പൂർത്തീകരിച്ചുതരുന്നു. ദാഹിച്ചവരുടെ ദാഹം ശമിപ്പിച്ചു. പ്രകൃതിനിയമമനുസരിച്ച് പ്രത്യക്ഷത്തിൽ ആ സ്ത്രീയെ ഒരു മാർഗ്ഗമാക്കി. പക്ഷേ, ആ ജലത്തിൽ എത്രമാത്രം അനുഗ്രഹമാണ് ചൊരിഞ്ഞത്, അത് കുറയുന്നത് അവിടെ നില്ക്കട്ടെ, ആദ്യത്തേക്കാൾ കൂടുതൽ വെള്ളം വർദ്ധിക്കുകയാണുണ്ടായത്. അത് ആ സ്ത്രീയേയും അത്ഭുതപ്പെടുത്തി. തങ്ങൾക്ക് വെള്ളം തന്നത് നീയാണെന്ന് മനസ്സിലാക്കരുതെന്ന് നബി(സ) ആ സ്ത്രീയോട് പറയുകയും ചെയ്തു. അക്രമപരമായി നിന്നിൽനിന്ന് വെള്ളം പിടിച്ചെടുത്തുവെന്നും കരുതരുത്. ഇതൊരു പ്രത്യക്ഷമായ മാർഗ്ഗമാണ്. ഇതിനെ ഒരു സത്യവിശ്വാസി ഉപയോഗിക്കേണ്ടതുമാണ്. വാസ്തവത്തിൽ നമ്മെ പരിപാലിക്കുന്നവനും നമ്മുടെ ആവശ്യം നിറവേറ്റിത്തരുന്നവനും നമ്മുടെ റബ്ബാണ്. അവൻ ഞങ്ങൾക്കും

വെള്ളം തന്നു. നിന്റെ വെള്ളത്തിൽ ഒരു കുറവും വരുത്തിയതുമില്ല. ഇതിൽ അത്ഭുതപ്പെട്ട് ആ സ്ത്രീ തന്റെ വീട്ടുകാരോട് പറഞ്ഞത് ഇതൊരു വലിയ ഇന്ദ്ര ജാലക്കാരനാണെന്നാണ്. പക്ഷേ, ഇത് ഇന്ദ്രജാലമ ല്ലെന്നും ഇത് മുഹമ്മദിന്റെ റബ്ബ്, തന്റെ ദാസന്റേയും അദ്ദേഹത്തിന്റെ കൂട്ടുകാരുടേയും ആവശ്യം നിറവേ റ്റുന്നതിനായി തന്റെ പാലനം പ്രകടിപ്പിക്കുകയായി രുന്നുവെന്ന് അവരറിഞ്ഞില്ല. തന്റെ ദാസർ തന്റെ സവിശേഷഗുണത്തിന്റെ നിറം ഉൾക്കൊള്ളണമെന്ന് അല്ലാഹു പറഞ്ഞു. നബി(സ)യെക്കാൾ കൂടുതൽ ആർക്കാണ് ആ നിറം ഉൾക്കൊള്ളാൻ കഴിയുമായി രുന്നത്. അവിടന്ന് അവരുടെ വെള്ളത്തിൽ കുറവ് വരാതിരുന്നിട്ടും, എന്നല്ല അത് വർദ്ധിച്ചിട്ടും അവർക്കുവേണ്ടി ഭക്ഷണപദാർത്ഥങ്ങൾ ശേഖരിച്ചു. അതെല്ലാം അവരുടെ ഒട്ടകപ്പുറത്തു വെച്ചുകൊടുത്തു. ഇതെല്ലാം അവർ ചെയ്ത സേവനത്തിന്റെ ഫലമാ യിട്ടായിരുന്നു. ഇതും ഔദാര്യമായിരുന്നു. പരിപാല നത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് അവിടന്ന് അങ്ങനെ ചെയ്തത്. ആ സ്ത്രീ മുസ്‌ലിംകൾക്കും നബി(സ) തിരുമേനിക്കും വെള്ളം കൊടുത്തു കൊണ്ട് അല്ലാഹുവിന്റെ ഔദാര്യത്തിന്റെ വീതവും കൊണ്ടുപോയി. അതായത്, വെള്ളത്തിൽ ഒരു കുറവും വന്നില്ല. അല്ലാഹുവിന്റെ റസൂലിന്റെ ഔദാ ര്യത്തിലും ഭാഗഭാക്കായി.

ഹദ്റത്ത് അബൂഹുറയ്(റ) യുമായി ബന്ധപ്പെട്ട ഒരു സംഭവമാണ്. ഇത് വിവിധ രീതിയിൽ കേൾപ്പി ക്കാറുണ്ട്. ഇതും അല്ലാഹുവിന്റെ റുബൂബിയ്യത്തിന്റെ പ്രകടനമാണ്. റബ്ബ് എന്നതിന്റെ ഒരർത്ഥം പാവപ്പെട്ട വന്റെ വിശപ്പ് അകറ്റുന്നവൻ എന്നും ഉണ്ട്. ഈ സംഭ വവിവരണം നമുക്ക് അബുഹുറയ്റ(റ)യിൽനിന്നു തന്നെ കേൾക്കാം. അദ്ദേഹം പറയുന്നു. അല്ലാഹു വിനെക്കൊണ്ട് സത്യം. അവനല്ലാതെ ഒരാരാധ്യനുമി ല്ല. ആദ്യകാലത്ത് ഞാൻ വിശപ്പുകൊണ്ട് വയറ്റിൽ കല്ലുവെച്ചുകെട്ടുമായിരുന്നു. ചിലപ്പോൾ തറയിൽ കമിഴ്ന്നുകിടക്കുമായിരുന്നു. എന്തെങ്കിലും ഒരു ആശ്വാസം കിട്ടുന്നതിനാണ് അങ്ങനെ ചെയ്തിരുന്ന ത്. ഒരിക്കൽ ആളുകൾ നടന്നുപോകുന്ന ഒരിടത്ത് ഞാനിരുന്നു. എന്റെ മുമ്പിലൂടെ ഹദ്റത്ത് അബൂബ ക്കർ(റ) കടന്നുപോയി. ഞാൻ ഈ ആയത്തിന്റെ ഉദ്ദേ ശ്യമെന്താണെന്ന് ചോദിച്ചു. ഞാൻ കരുതിയത് അതിൽനിന്ന് എന്റെ വിശപ്പ് മനസ്സിലാക്കി എനിക്കും ഭക്ഷണം തരുമെന്നായിരുന്നു. എന്നാൽ അദ്ദേഹം വ്യാഖ്യാനം പറഞ്ഞ് നടന്നുപോയി. പിന്നീട് ഹദ്റത്ത് ഉമറിനോട് ചോദിച്ചു. അദ്ദേഹവും അതുപോലെതന്നെ കടന്നുപോയി. ഇതിനുശേഷം നബി(സ) വന്നു. ഞാൻ നബിയോടും ചോദിച്ചു. അവിടന്ന് പുഞ്ചിരി ച്ചു. എന്റെ അവസ്ഥ കണ്ടു. എന്റെ ഹൃദയാവസ്ഥ തിരിച്ചറിഞ്ഞു. വളരെ വാത്സല്യത്തോടെ അവിടന്ന് പറഞ്ഞു. അബൂഹുറയ്റ(റ)! ഞാൻ പറഞ്ഞു അല്ലാ ഹുവിന്റെ റസൂലേ ഞാനിവിടെ ഉണ്ട്. തന്റെ കൂടെ വരാൻ നബി(സ) അദ്ദേഹത്തോട് പറഞ്ഞു. ഞാൻ നബിയുടെ പിന്നാലെ പോയി. അവിടന്ന് വീട്ടിലെ ത്തി. അകത്തുപോകാൻ തുടങ്ങിയപ്പോൾ അനു വാദം ചോദിച്ച് ഞാൻ അകത്തുപോയി. അവിടെ ചെന്നപ്പോൾ ഒരു പാത്രം കണ്ടു. അതിൽ കുറച്ച് പാലുണ്ടായിരുന്നു. ഇതെവിടെനിന്ന് കൊണ്ടുവന്ന താണെന്ന് നബി(സ) ചോദിച്ചു. ഇന്നസ്ത്രീ കൊണ്ടു വന്നതാണെന്ന് പറയപ്പെട്ടു. നബി(സ) അബൂഹുറ യ്റ(റ)യെ വിളിച്ചു, പള്ളിവരാന്തയിലിരിക്കുന്ന എല്ലാ വരേയും വിളിച്ചുകൊണ്ടുവരിക എന്ന് പറഞ്ഞു. അവർ ഇസ്‌ലാമിന്റെ അതിഥികളായിരുന്നു. അവർക്ക് വീടോ ജോലിയോ ഒന്നും ഉണ്ടായിരുന്നി ല്ല. നബി (സ)ന്റെയടുക്കൽ സദഖയുടെ മുതൽ വരു മ്പോൾ അവർക്ക് കൊടുക്കുമായിരുന്നു. നബി(സ) അതിൽ നിന്ന് ഒന്നും കഴിക്കുമായിരുന്നില്ല. എവിടെ നിന്നെങ്കിലും സമ്മാനമായിട്ട് എന്തെങ്കിലും വന്നാൽ അവർക്ക് കൊടുക്കുകയും സ്വയം അതിൽനിന്ന് കഴി ക്കുകയും ചെയ്യുമായിരുന്നു. നബി(സ) തിരുമേനി യുടെ നിർദ്ദേശപ്രകാരം ഞാൻ അവരെ വിളിക്കാൻ പോയി. പക്ഷേ, എനിക്കത്ര തൃപ്തി ഉണ്ടായിരുന്നി ല്ല, കാരണം ഒരു ചെറിയപാത്രം പാല് മാത്രമെ ഉണ്ടാ യിരുന്നുള്ളൂ. എല്ലാവരും വന്നാൽ ആർക്കും അത് ഉപകരിക്കുമായിരുന്നില്ല. ഞാനാണ് അതിൽ ഏറ്റവും അധികം ആവശ്യക്കാരൻ. എന്തായാലും നബി(സ) യുടെ നിർദ്ദേശമായിരുന്നു. ഞാൻ അവരെയെല്ലാം വിളിച്ചുകൊണ്ടുവന്നു.

എല്ലാവരും വന്നുകഴിഞ്ഞപ്പോൾ, ആ പാലിന്റെ പാത്രം എന്റെ കൈയിൽ തന്നിട്ട് ഓരോരുത്തർക്കും കൊടുത്ത് കൊടുത്ത് പോകാൻ നബി(സ) എന്നോട് പറഞ്ഞു. എനിക്കിനി അതിൽനിന്ന് ഒന്നും കിട്ടുക യില്ലെന്ന് ഞാൻ കരുതി. അങ്ങനെ ഓരോരു ത്തർക്കും ഞാൻ ആ പാൽപാത്രം കൊടുത്തുകൊണ്ട് മുന്നോട്ടുപോയി. എല്ലാവരും നല്ലവണ്ണം വയറുനി റയെ കുടിച്ചു. അവസാനം നബി(സ) തിരുമേനിയ്ക്ക് ആ പാത്രം കൊടുത്തു. അവിടന്ന് എന്നെ നോക്കി. അവിടന്ന് പുഞ്ചിരിച്ചുകൊണ്ട് എന്നോട് പാല് കുടി ക്കാൻ പറഞ്ഞു. ഞാൻ പാത്രത്തിൽനിന്ന് ചുണ്ട് മാറ്റു മ്പോൾ വീണ്ടും കുടിക്കാൻ അവിടന്ന് പറഞ്ഞുകൊ ണ്ടിരുന്നു. നല്ലവണ്ണം കുടിച്ച് വയറുനിറഞ്ഞപ്പോൾ ഞാൻ പറഞ്ഞു, സത്യവുമായി അങ്ങയെ അയച്ച

അല്ലാഹുവാണ, ഇനി എന്റെ വയറ്റിൽ ഇടമില്ല. അങ്ങനെ ഞാൻ പാത്രം നബി(സ)ന് കൊടുത്തു. അവിടന്ന് അല്ലാഹുവിനെ സ്തുതിച്ചു. ബിസ്മില്ലാഹ് ചൊല്ലിക്കൊണ്ട് പാല് കുടിച്ചു.

ഇതാണ് റബ്ബുൽ ആലമീൻ. അവൻ പ്രത്യക്ഷ മായ മാർഗ്ഗങ്ങൾ അനുസരിച്ച് പാലിന്റെ ഒരു പാത്രം നല്കി. പിന്നീട് അതിൽ എത്രമാത്രം അനുഗ്രഹം ചൊരിഞ്ഞുവെന്ന് വെച്ചാൽ, നിരവധിയാളുകളുടെ വിശപ്പകറ്റാൻ അതുപകരിച്ചു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി അത്താഴം കഴിക്കാതെ നോമ്പെടുക്കുന്നത് വിരോധിച്ചു. മുസ്ലിംകളിൽ ഒരാൾ പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ, അങ്ങ് അത്താഴം കഴി ക്കാതെ നോമ്പെടുക്കാറുണ്ടല്ലോ. അവിടന്ന് പറഞ്ഞു. നിങ്ങളിലാരാണ് എന്നെപ്പോലെയുള്ളത്. എന്റെ റബ്ബ് എന്നെ തീറ്റുകയും കുടിപ്പിക്കുകയും ചെയ്യുന്നു. (വിശപ്പ് അനുഭവപ്പെടാത്ത ചില അവസരങ്ങളും ഉണ്ടാകാറുണ്ടല്ലോ). എന്നാൽ, ചിലർ അത്താഴം കഴി ക്കാതെ നോമ്പു പിടിക്കുന്നതിൽനിന്ന് പിൻമാറാഞ്ഞ പ്പോൾ, അവിടന്ന് ഒരു ദിവസം അവരോടൊപ്പം അത്താഴം കഴിക്കാതെ നോമ്പുനോറ്റു. പിന്നീടൊരു നോമ്പുകൂടി നോറ്റു. പിന്നീട് ആളുകൾ പിറ കണ്ടു. പിറ കണ്ടില്ലായിരുന്നെങ്കിൽ ഇതുപോലെ ദിവസങ്ങ ളോളം ഞാൻ നോമ്പുപിടിക്കുമായിരുന്നുവെന്ന് അവി ടന്ന് പറഞ്ഞു. അവരെ അതിൽ നിന്ന് പിന്തിരിപ്പിക്കു ന്നതിനോ, ശിക്ഷ എന്ന നിലയിലോ ആണ് അവി ടന്ന് അങ്ങനെ പറഞ്ഞത്. അല്ലെങ്കിൽ, നിങ്ങളുടെ കഴിവുകൾ എനിക്കു തുല്യം ആകുകയില്ലെന്ന് പറ യുന്നതിനുവേണ്ടിയായിരുന്നു. കാരണം ഞാൻ അല്ലാ ഹുവിന്റെ നബിയാണ്.

ഇക്കാലത്തും നാം ഇതു കാണുന്നു. അവി ടത്തെ സത്യസന്ധനായ ശിഷ്യനോടും അല്ലാഹു ഇതേരീതിയിലാണ് പെരുമാറിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) 6 മാസം അടുപ്പിച്ച് നോമ്പുനോറ്റു. അതിനെ സ്മരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. യുവത്വകാലത്ത് ഒരിക്കൽ പ്രായം ചെന്ന ഒരു പരിശുദ്ധമനുഷ്യൻ സ്വപ്നത്തിൽ എനിക്ക് കാണിക്കപ്പെട്ടു. ദൈവികപ്രകാശങ്ങളെ സ്വാഗതം ചെയ്യുന്നതിന് നോമ്പു നോൽക്കുക എന്നത് നബിമാരുടെ കുടുംബത്തിന്റെ നടപടിക്രമ മാണെന്ന് പറഞ്ഞുകൊണ്ട്, ഞാനും ആ നേരത്ത് അഹ്ലെബയ്ത്തിന്റെ സുന്നത്ത് അനുഷ്ഠിക്കാൻ സൂചന നൽകി.

അതായത് അല്ലാഹുവിന്റെ പ്രകാശത്തിൽ ഭാഗ ഭാക്കാകുന്നതിന്, അത് കരസ്ഥമാക്കുന്നതിന് നോമ്പു പിടിക്കുക എന്നതും നബിയുടെ സുന്നത്താണ്. നബി മാരുടെ സുന്നത്താണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ആ നോമ്പു പിടിക്കുന്ന കാലത്തിനിടയിൽ എനിക്ക് അത്ഭുതകരമായ ജാഗ്രദർശനങ്ങളുണ്ടായി. കഴിഞ്ഞുകടന്ന പല നബിമാരുമായും വലിയ്യുമാരു മായും കൂടിക്കാഴ്ച നടന്നു. ജാഗ്രതാവസ്ഥയിൽ നബി(സ) തിരുമേനിയേയും ഹദ്റത്ത് ഹുസയ്നേയും ഹദ്റത്ത് അലിയേയും ഹദ്റത്ത് ഫാത്വിമയേയും കണ്ടു. വീണ്ടും പറയുന്നു: ഞാൻ ആറുമാസം നോമ്പുനോറ്റു. അമ്പിയാക്കന്മാരുടെ ഒരു സംഘം ഞാനുമായി കണ്ടുമുട്ടി. എന്തിനാണ് താങ്കൾ താങ്ക ളുടെ ആത്മാവിനെ ദ്രോഹിക്കുന്നതെന്ന് അവർ എന്നോട് ചോദിച്ചു. അതിൽനിന്ന് പുറത്തുവരാനും പറഞ്ഞു. പറയുന്നു: ഇങ്ങനെ മനുഷ്യൻ സ്വയം അല്ലാഹുവിനുവേണ്ടി തന്നെ ബുദ്ധിമുട്ടിലകപ്പെടു ത്തുമ്പോൾ മാതാപിതാക്കളെപോലെ, നീ എന്തിനാണ് ഇങ്ങനെ ബുദ്ധിമുട്ടനുഭവിക്കുന്നതെന്ന് അല്ലാഹു ചോദിക്കുന്നു. ഇപ്രകാരം തന്റെ ദാസനെ അല്ലാഹു ഓർക്കുന്നതും, റബ്ബ് എന്ന സവിശേഷഗുണത്തിന്റെ അനുഗ്രഹമാണ്. എന്തായാലും പ്രവാചകൻമാരോട് അല്ലാഹു പ്രത്യേകമായി പെരുമാറുന്നു. ഇത് ഏറ്റവു മധികം ഉണ്ടായത് നബി(സ) തിരുമേനിയോടായിരു ന്നു. പിന്നീട് ഓരോരുത്തരോടും അവരവരുടെ നില യ്ക്കനുസരിച്ച് പെരുമാറുകയും ചെയ്യുന്നു.

ഈ നോമ്പുകാലത്ത് ഹദ്റത്ത് മസീഹ് മൗഊ ദ്(അ)വളരെ കുറച്ചേ ഭക്ഷണം കഴിച്ചിരുന്നുള്ളൂ. നബി(സ)യുടെ ദാസതയിലാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇങ്ങനെ ഭക്ഷണം കുറക്കാൻ സാധി ച്ചത്. ഒരു സാധാരണ മുസ്ലിമിന് ഇത് താങ്ങാൻ പറ്റുന്നതല്ല. അതുകൊണ്ടാണ് നബി(സ) തിരുമേനി അത്താഴം കഴിക്കാതെ നോമ്പുനോക്കുന്നത് തട ഞ്ഞത്.

മുഅ്ജിസത്ത് എന്ന നിലയിൽ പറയുന്ന മറ്റൊരു സംഭവമുണ്ട്. അതും അല്ലാഹുവിന്റെ പാലനം എന്ന സവിശേഷഗുണമനുസരിച്ചുള്ളതാണ്. യുദ്ധാ വസരത്തിൽ ഭക്ഷണം നല്കിയതാണത്. ആയിരം സ്വഹാബിമാർ ഭക്ഷണം കഴിച്ചു. ഇതും ഖന്തഖ് യുദ്ധാവസരത്തിൽ നടന്നതാണ്. ഒരു സ്വഹാബി തന്റെ ഭാര്യയുടെയടുക്കൽ ചെന്ന്, ഭക്ഷണം വല്ലതു മുണ്ടോ എന്ന് ചോദിച്ചു. ഒരു ആട്ടിൻകുട്ടിയും അല്പം ആട്ടയും ഉണ്ടെന്ന് അവർ പറഞ്ഞു. അദ്ദേഹം ആട്ടിൻകുട്ടിയെ അറുത്തുകൊടുത്തു. അതു കറിവെ

യ്ക്കാനും മാവ് കുഴയ്ക്കാനും പറഞ്ഞിട്ട്, നബിയെ വിളിച്ചുകൊണ്ടുവരാമെന്ന് പറഞ്ഞ് വീട്ടിൽനിന്നിറങ്ങി. നബി(സ) തിരുമേനി വിശന്നുവലഞ്ഞ് നില്ക്കുന്നത് കണ്ടിട്ടാണ് താൻ വന്നതെന്നും ഭാര്യയോട് പറഞ്ഞു. ജാബിർ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. അദ്ദേഹം പറയുന്നു.

ഞാൻ നബിതിരുമേനിയുടെ അടുക്കൽപോയി പതുക്കെ പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ, എന്റെ വീട്ടിൽ ഒരു ആട്ടിൻകുട്ടിയും യവത്തിന്റെ കുറച്ച് ആട്ടയുമുണ്ടായിരുന്നു. അത് പാകം ചെയ്യാൻ എന്റെ ഭാര്യയോടു പറഞ്ഞിട്ടാണ് ഞാൻ വന്നിരിക്കുന്നത്. അങ്ങ്, കുറച്ചാളുകളുമായി വന്ന് ഭക്ഷണം കഴിച്ചാലും. അപ്പോൾ നബി(സ) എല്ലാ അൻസാറുകളോടും മുഹാജിറുകളോടും തന്നോടൊപ്പം ജാബിറിന്റെ വീട്ടിലേക്ക് വരുവാൻ പറയുകയും നമ്മെ ജാബിർ ഭക്ഷണത്തിനായി ക്ഷണിച്ചിരിക്കുന്നുവെന്ന് അറിയിക്കുകയും ചെയ്തു. വിശന്നുവലഞ്ഞ ആയിരത്തോളം ആളുകൾ നബിയോടൊപ്പം അദ്ദേഹത്തിന്റെ വീട്ടിലേക്ക് പോയി. പോകുന്നതിനു മുമ്പേതന്നെ നബി(സ) കറിയുടെ പാത്രം അടുപ്പിൽനിന്ന് ഇറക്കരുതെന്നും റൊട്ടിയുണ്ടാക്കാൻ തുടങ്ങരുതെന്നും ഭാര്യയോട് പറയാൻ ജാബിറിനോട് പറഞ്ഞയച്ചിരുന്നു. അദ്ദേഹം തന്റെ ഭാര്യയുടെയടുക്കൽപോയി അതറിയിക്കുകയും ചെയ്തു.

നബി(സ) അവിടെ എത്തിയയുടനെ വളരെ സാവധാനത്തിൽ കറിയുടേയും മാവിന്റേയും അടുക്കൽപോയി ദുആ ചെയ്തു. റൊട്ടി ഉണ്ടാക്കിക്കൊള്ളാൻ നിർദ്ദേശിച്ചു. അതിനുശേഷം അവിടന്ന് മെല്ലെ മെല്ലെ ഭക്ഷണം വിതരണം ചെയ്യാൻ തുടങ്ങി. ജാബിർ(റ) പറയുന്നു. ഏതൊരുവന്റെ കൈയ്യിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ, ആ സാധനം കൊണ്ട് എല്ലാവരും വയറുനിറയെ ഭക്ഷിച്ചു. അപ്പോഴും ഞങ്ങളുടെ കറിപാത്രം അങ്ങനെ തന്നെ തിളച്ചുകൊണ്ടിരുന്നു. മാവ് അതുപോലെതന്നെ ഉണ്ടായിരുന്നു.

അല്ലാഹുവിന്റെ അത്ഭുതകരമായ പെരുമാറ്റമാണിത്. ബാഹ്യമായി അല്പം സാധനം നൽകി. പക്ഷെ വിശക്കുന്നവർക്ക് ഭക്ഷണം നൽകുകയെന്നതും അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയെന്നതും റബ്ബ് എന്ന സവിശേഷഗുണത്തിന്റെ താല്പര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ നിസ്സാരമായ സാധനത്തിന്റെമേൽ അതിനെ വർദ്ധിപ്പിച്ചുകൊണ്ട് തന്റെ റുബൂബിയ്യത്തിന്റെ ജ്യോതിസ്സ് അല്ലാഹു കാണിച്ചു.

തന്റെ നിറം ഉൾക്കൊള്ളാൻ അല്ലാഹു തന്റെ ദാസരോട് കല്പിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ദാസന്മാർ മറ്റുള്ളവരേയും സഹായിക്കേണ്ടതാണ്. അങ്ങനെ അവർ അതുമുഖേന അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളായിത്തീരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അല്ലാഹുവിന്റെ റബൂബിയ്യത്ത് അതായത്, മനുഷ്യർക്കും അല്ലാത്തവർക്കും മുറബ്ബിയ്യാകുക. ഏറ്റവും ചെറിയ മൃഗത്തോടുപോലും പരിപാലനഗുണത്തോടുകൂടി പെരുമാറുക. ഏകദൈവത്തെ ആരാധിക്കുന്നു എന്ന് വാദിക്കുന്നവർ അല്ലാഹുവിന്റെ ഈ സവിശേഷഗുണത്തെ സ്നേഹത്തോടുകൂടി നോക്കിക്കാണുകയും അതിനെ ഇഷ്ടപ്പെടുകയും പരിപൂർണ്ണമായ സ്നേഹത്തോടെ ഈ ദൈവികസ്വഭാവത്തിന്റെ പ്രചാരകരായിത്തീരുകയും ചെയ്യണമെങ്കിൽ ഈ സ്വഭാവം സ്വയം സ്വായത്തമാക്കേണ്ടത് നിർബ്ബന്ധമാകുന്നു- തന്റെ സ്നേഹിതന്റെ (അല്ലാഹുവിന്റെ) നിറം ഉൾക്കൊള്ളുന്നതിനുവേണ്ടി." ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) മനുഷ്യരുടേയും അല്ലാത്തവരുടേയും മുറബ്ബി- ശിക്ഷണം നൽകുന്നവനായിത്തീരണമെന്ന് നമ്മോട് പറഞ്ഞിരിക്കുന്നു. ഇവിടെ മുറബ്ബി എന്നതുകൊണ്ടുള്ള ഉദ്ദേശ്യം വെറും സാധാരണ ശിക്ഷണം നൽകുക എന്നതല്ല, പ്രത്യുത രക്ഷാധികാരിയും പരിപാലിക്കുന്നവനുമായിത്തീരുക എന്നാണ്.

അല്ലാഹുവിന്റെ നിറം സ്വയം പകർത്തുന്നവരായിത്തീരണമെന്നും ***തഖല്ലഖു ബിഅഖ്ലാഖില്ലാ***യുടെ മാതൃകയായിത്തീരണമെന്നുമുള്ള ചിന്തയും തിരിച്ചറിവും സ്വഹാബത്തിൽ വളരെ അധികമായിരുന്നു. ഓരോരുത്തരും അവരവരുടെ അറിവനുസരിച്ച് ഇതിനായി പ്രവർത്തിക്കാറുണ്ടായിരുന്നു. നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂബക്കർ(റ) തന്റെ സ്നേഹിതന്മാരെ ഒരുപാട് സഹായിച്ചിരുന്നു. അവരിലൊരാളായിരുന്നു മിസ്താബിൻ ഉസാസ. ഹദ്റത്ത് ആയിശ(റ)യുടെ മേൽ കറ്റുകെട്ടി പറഞ്ഞ സംഭവമുണ്ടായപ്പോൾ ഇയാളും ഹദ്റത്ത് ആയിശാ(റ)യെ വേണ്ടാത്തത് പറഞ്ഞിരുന്നു. അല്ലാഹുവിന്റെ വെളിപാടിനുശേഷം ഹദ്റത്ത് ആയിശാ (റ)യുടെ നിരപരാധിത്വം തെളിഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) സത്യം ചെയ്തുപറഞ്ഞു, ഇനിയൊരിക്കലും ഞാനിയാളെ സഹായിക്കുകയില്ല. അത് കഴിഞ്ഞ് അല്ലാഹുവിൽനിന്ന് നബി(സ)ന് ഈ വചനമിറങ്ങി.

وَلَا يَأْتَلِ أُولُوا الْفَضْلِ مِنْكُمْ وَالسَّعَةِ أَنْ يُؤْتُوا
أُولِي الْقُرْبَىٰ وَالْمَسَاكِينَ وَالْمُهَاجِرِينَ فِي سَبِيلِ اللَّهِ
وَلْيَعْفُوا وَلْيَصْفَحُوا أَلَا تُحِبُّونَ أَنْ يَغْفِرَ اللَّهُ لَكُمْ
وَاللَّهُ غَفُورٌ رَحِيمٌ ﴿٢٣﴾

നിങ്ങളിൽ ശ്രേഷ്ഠതയും ഐശ്വര്യവുമുള്ളവർ അടുത്ത കുടുംബബന്ധുക്കൾക്കും അഗതികൾക്കും ദൈവമാർഗ്ഗത്തിൽ സ്വദേശം വെടിഞ്ഞവർക്കും ഒന്നും നൽകുകയില്ലെന്ന് സത്യം ചെയ്യരുത്. അവർ മാപ്പ് ചെയ്യുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെമെന്ന് നിങ്ങളാഗ്രഹിക്കുന്നില്ലേ? അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (24:23)

അപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) അയാൾക്ക് വീണ്ടും സ്റ്റൈഫന്റ് കൊടുക്കാൻ തുടങ്ങി. എന്നുമാത്രമല്ല, ഒരിക്കലും അത് തടയുകയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഇതാണ് അല്ലാഹുവുമായി ബന്ധമുള്ളവരുടെ മാതൃക. ഇതാണ് പെട്ടെന്നുണ്ടാകുന്ന പ്രതികരണം. ഇതാണ് അദ്ധ്യാപനത്തിന്റെ തിരിച്ചറിവ്. കാര്യമറിഞ്ഞപ്പോൾ ഉടനെ തന്നെ താൻ ചെയ്ത സത്യം ലംഘിച്ചു. അത് ലംഘിക്കുകയെന്നത് പാപമല്ല. അല്ലാഹുവിന്റെ കല്പനയ്ക്ക് വിരുദ്ധമായി സത്യം ചെയ്തിട്ടുണ്ടെങ്കിൽ അത് ലംഘിക്കുകയെന്നത് അനുവദനീയമെന്നു മാത്രമല്ല, നിർബന്ധവുമാണ്. തന്റെ പരിപാലനമനുസരിച്ചാണ് മനുഷ്യരോട് നിങ്ങൾക്ക് പെരുമാറാൻ കഴിയുന്നതെന്ന് അല്ലാഹു പറയുന്നു. അതിൽ ദയയുണ്ട്. പൊറുക്കലുണ്ട്. മറ്റനുഗ്രഹങ്ങളുമുണ്ട്. അതിൽ ഏറ്റവും കൂടുതൽ ഭാഗഭാക്കാകുന്നതിനുവേണ്ടി നിങ്ങളും ഇത് സ്വായത്തമാക്കേണ്ടതാണ്. ആർക്കെതിരിലും വിദ്വേഷമുണ്ടാകരുത്. ആവശ്യക്കാർക്ക് അവരുടെ ആവശ്യം പൂർത്തീകരിച്ചുകൊടുക്കേണ്ടതാണ്. ഇന്നയാൾ അങ്ങനെയാണ്, ഇന്നഭാരവാഹിയുമായി ശരിയായ ബന്ധമില്ല, ഇന്നകാര്യം ഇയാളോട് അയാൾ തെറ്റായി പറഞ്ഞു എന്നൊക്കെ പറഞ്ഞുകൊണ്ട് ഒരാളെ സഹായിക്കാതിരിക്കുന്നത് ശരിയല്ല. അയാളെ സഹായിക്കുക, അയാളുടെ വിശപ്പകറ്റുക, അയാളുടെ ആവശ്യം പൂർത്തീകരിച്ചുകൊടുക്കുക എന്നതൊക്കെ വേറൊരു കാര്യമാണ്. സംഘടനാപരമായി നടപടിയെടുക്കുക എന്നത് മറ്റൊരു കാര്യമാണ്.

അല്ലാഹുവിന്റെ സിഫത്തുകൾ സ്വായത്തമാക്കിയതിനുശേഷം, അല്ലെങ്കിൽ അല്ലാഹുവിന്റെ സിഫത്തിന് അനുയോജ്യമായ പ്രവൃത്തി ചെയ്തതിനുശേഷവും മനുഷ്യൻ മനുഷ്യൻതന്നെയായിരിക്കുമെന്നും അല്ലാഹുവിനോളം ആയിത്തീരാൻ ആർക്കും സാധ്യമല്ലെന്നും നബി(സ) പറഞ്ഞു. ചിലർ ചിലരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുത്താൽ തങ്ങൾ അവരുടെ റബ്ബായി തീർന്നുവെന്ന് കരുതാറുണ്ട്. എന്തായാലും, അവർ മനുഷ്യരാണ്, മനുഷ്യരോട് അല്ലാഹുവിന്റെ കല്പനയനുസരിച്ച് മൃദുസമീപനം കൈക്കൊള്ളേണ്ടതാണ്. നബി(സ) പറഞ്ഞു. "നിങ്ങളിലാരും നിങ്ങളുടെ അടിമയെ എന്റെ അടിമേ! എന്ന് വിളിക്കരുത്. കാരണം നിങ്ങൾ എല്ലാവരും അല്ലാഹുവിന്റെ അടിമകളാണ്. എന്റെ ദാസാ, എന്ന് വിളിക്കുക. അപ്രകാരംതന്നെ ഒരടിമയും തന്റെ മുതലാളിയെ എന്റെ റബ്ബ് എന്നു പറയരുത്. മറിച്ച്, സയ്യിദീ അതായത്, എന്റെ നേതാവേ എന്ന് വിളിക്കുക. കാരണം, മുറബ്ബിയായാലും മേലധികാരിയായാലും ആരുടെയെങ്കിലും ഉടമസ്ഥനായാലും അവരെ പരിപാലിക്കുക എന്ന ഉത്തരവാദിത്തം നിറവേറ്റിയതിനുശേഷവും മനുഷ്യൻ, മനുഷ്യൻ തന്നെയായിരിക്കും. റബ്ബ്, റബ്ബ് തന്നെയായിരിക്കും. അവന്റെ ഗുണവിശേഷം വലയം ചെയ്യാൻ ആർക്കുംതന്നെ സാധ്യമല്ല. മനുഷ്യന്റെ ജീവിതവൃത്തം പരിമിതമാണ്. ഇക്കാര്യങ്ങളെല്ലാം മനുഷ്യന് ഓർമ്മയുണ്ടായിരിക്കേണ്ടതാണ്.

കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറയുകയുണ്ടായി. അല്ലാഹുതആല തന്റെ പ്രിയപ്പെട്ട നബി(സ)യുടെ സമുദായത്തിൽനിന്ന് മസീഹിനേയും മഹ്ദിയേയും നമുക്ക് നൽകി. ആ മഹാത്മാവ് അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ചും റബ്ബുൽ ആലമീനെക്കുറിച്ചും അറിവും ജ്ഞാനവും നല്കിക്കൊണ്ട് ആദ്യം വന്നവരുമായി നമ്മെ കൂട്ടിച്ചേർത്തു. ആ മഹാത്മാവിനെ, അല്ലാഹുവും അവന്റെ റസൂലും നബിയുല്ലാഹ് എന്ന് വിളിച്ചിരിക്കുന്നു. അല്ലാഹു തന്റെ പരിപാലനം എന്ന സവിശേഷഗുണം അവസാനിപ്പിച്ചിട്ടില്ല. അത് നടന്നുകൊണ്ടേയിരിക്കുകയാണ്. നബി(സ)യെ പിന്തുടരുന്നതുകൊണ്ട് അല്ലാഹുവിന്റെ സിഫത്തുകളുടേയും അവനെ തിരിച്ചറിയുന്നതിന്റേയും പരമ്പര ഖിയാമത്തുന്നാൾവരെ തുടർന്നുകൊണ്ടിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന നമുക്ക് അല്ലാഹുവിന്റെ ഗുണവിശേഷമായ റബ്ബിനെക്കുറിച്ചുള്ള അറിവ് ലഭിച്ചു. അതിലൂടെ എങ്ങനെയാണ് റബ്ബ് അദ്ദേഹത്തോട് പെരുമാറിയതെന്ന് മനസ്സിലായി.

ഇക്കാലഘട്ടത്തിൽ അല്ലാഹുവിനെ പരിചയപ്പെടുത്താൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) വരേണ്ടത് നിർബ്ബന്ധമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈമാനെ ശക്തിപ്പെടുത്തുന്നതിനും അല്ലാഹുവിന്റെ അസ്തിത്വം ജനങ്ങൾക്ക് സ്ഥാപിച്ചുകാണിക്കുന്നതിനുമായിട്ടാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. വീണ്ടും പറയുന്നു. അല്ലാഹുവിനെ തിരിച്ചറിയുക എന്നത് നബിയെ തിരിച്ചറിയുന്നതുമായി ബന്ധപ്പെട്ടതാണ്. ദൈവത്തെ കാണുന്നതിനുള്ള കണ്ണാടിയാണ് നബി. ആ കണ്ണാടി മുഖേന അല്ലാഹുവിന്റെ മുഖം

ദർശിക്കാൻ കഴിയുന്നു. അല്ലാഹു തന്നെ വെളിപ്പെടുത്താൻ ആഗ്രഹിക്കുമ്പോൾ തന്റെ ശക്തിപ്രഭാവത്തിന്റെ പ്രതീകമായ നബിയെ ലോകത്തേക്കയക്കുന്നു. തന്റെ വഹ്‌യ് അദ്ദേഹത്തിൽ ഇറക്കുന്നു. തന്റെ പാലനത്തിന്റെ ശക്തി അദ്ദേഹം മുഖേന കാണിക്കുന്നു. വീണ്ടും അവിടന്ന് പറയുന്നു: അല്ലാഹു വിശുദ്ധഖുർആൻ ആരംഭിച്ചത് അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ എന്ന വചനം മുഖേനയാണ്. ഇത് ഏതെങ്കിലും പ്രത്യേക രാജ്യക്കാർക്കോ ഗോത്രക്കാർക്കോ വേണ്ടിമാത്രം അല്ലാഹു നബിമാരെ അയച്ചു എന്നു പറയുന്നത് ശരിയല്ലെന്ന് തെളിയിക്കുന്നു. മറിച്ച്, അല്ലാഹു ഒരു ജനതയേയും ഒരു നാടിനേയും വിസ്മരിച്ചിട്ടില്ല. വിശുദ്ധഖുർആനിൽ പലവിധ ഉദാഹരണങ്ങൾ പറഞ്ഞുകൊണ്ട് ഓരോ രാജ്യത്തേയും അവസ്ഥകൾക്കനുസരിച്ച് അല്ലാഹു ഭൗതികമായി പരിപാലിച്ചുകൊണ്ടുവന്നതുപോലെ, ഓരോ രാജ്യത്തേയും ഓരോ ജനതയേയും ആത്മീയമായ പരിപാലനവും നടത്തി പരിപാലിച്ചു എന്ന് പറഞ്ഞിരിക്കുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ മറ്റൊരിടത്ത് പറയുന്നു. ***വഇൻമ്മിൻ ഉമ്മത്തിൻ ഇല്ലാ ഖലാ ഫീഹാ നദീർ***, നബിയോ റസൂലോ അയക്കപ്പെട്ടിട്ടില്ലാത്ത ഒരു ജനതയും ഇല്ല. അതുകൊണ്ട് ഒരു ചർച്ചയും കൂടാതെ അംഗീകരിക്കാൻ പറ്റിയ കാര്യമാണിത്. സത്യവാനും പരിപൂർണ്ണനുമായ ദൈവത്തെ വിശ്വസിക്കേണ്ടത് ഓരോ മനുഷ്യർക്കും നിർബന്ധമാണ്. അവൻ റബ്ബുൽ ആലമീനാണ്. അവന്റെ പരിപാലനം ഏതെങ്കിലും പ്രത്യേക ജനതയുമായി മാത്രം ബന്ധപ്പെട്ടതല്ല. ഒരു പ്രത്യേക കാലത്തേക്ക് പരിമിതവുമല്ല. പ്രത്യേക രാജ്യത്തിനു വേണ്ടിയുമല്ല. മറിച്ച്, അവൻ എല്ലാ ജനതയുടേയും റബ്ബാണ്. എല്ലാ കാലത്തിന്റേയും റബ്ബാണ്. എല്ലാ വീടിന്റേയും റബ്ബാണ്. എല്ലാ രാജ്യങ്ങളുടേയും റബ്ബും അവൻ തന്നെ. എല്ലാ അനുഗ്രഹങ്ങളുടേയും ഉറവിടവും അവനാണ്. ആത്മീയവും ഭൗതികവുമായ എല്ലാ ശക്തിയും അവനിൽനിന്നാണ്. അവനിൽനിന്നാണ് നിലവിലുള്ളതെല്ലാം വളർന്ന് വലുതാകുന്നത്. എല്ലാത്തിന്റേയും സഹായി അവൻ മാത്രമാണ്. അല്ലാഹുവിന്റെ അനുഗ്രഹം പൊതുവായിട്ടുള്ളതാണ്. അത് എല്ലാ ജനതയേയും എല്ലാ രാജ്യത്തേയും എല്ലാ കാലത്തേയും വലയം ചെയ്തിരിക്കുന്നു. അതങ്ങനെ ഉണ്ടായിട്ടുള്ളത്, 'സന്മാർഗ്ഗപ്രാപ്തിക്കായി ഇന്ന ജനതയ്ക്ക് ഗ്രന്ഥം കിട്ടി. എന്നാൽ ഞങ്ങൾക്ക് കിട്ടിയില്ല' എന്ന് ഒരു ജനതയ്ക്കും പരാതിപ്പെടാൻ അവസരം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണ്. അല്ലെങ്കിൽ, 'ഇക്കാലത്ത് അവൻ തന്റെ വഹ്‌യോടും ഇൽഹാമോടും മുഅ്ജിസത്തോടുംകൂടി വെളിപ്പെട്ടു, എന്നാൽ ഞങ്ങളുടെ കാലത്ത് മറഞ്ഞിരുന്നു' എന്ന് പരാതി ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ്. ചുരുക്കത്തിൽ അവൻ പൊതുവായ അനുഗ്രഹം കാണിച്ചുകൊണ്ട് ഈ എല്ലാ ആക്ഷേപങ്ങളും അകറ്റി. ഒരു ജനതയേയും ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങളിൽനിന്ന് പിന്തള്ളിയില്ല."

കഴിഞ്ഞകാലങ്ങളിൽ പ്രവാചകന്മാർ തങ്ങളുടെ ജനതയ്ക്കായി വന്നുകൊണ്ടിരുന്നു. പിന്നീട് മുഴുലോകത്തിനും കാരുണ്യമായിക്കൊണ്ട് നബി(സ)യെ അയച്ചപ്പോൾ മുഴുലോകവും ഒരുകൈയിൽ ഒന്നിപ്പിച്ചു. നബി(സ) എപ്രകാരം ഖാത്തമുൽ അമ്പിയാഅ് ആയിരുന്നുവോ, അതുപോലെ ഞാനിന്ന് ഖാതമുൽഖുലഫാ ആണെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. ആ മഹാത്മവ് ഇക്കാലത്തെ എല്ലാ ജനതയ്ക്കും വേണ്ടി അവരെ ഉദ്ധരിക്കുന്നതിനായി അയക്കപ്പെട്ടിരിക്കുന്നു. ഈ സന്ദേശം ഇന്ന് ഓരോ വ്യക്തിക്കും എത്തിച്ചുകൊടുക്കേണ്ടത് നമ്മുടെ ജോലിയാണ്. ഇക്കാലത്ത് തങ്ങളുടെ ഉദ്ധാരണത്തിനായി ഒരു നബിയും വന്നില്ല എന്ന തോന്നൽ അവർക്ക് ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി. നമ്മൾ ഭാഗ്യവാന്മാരാണ്. നാം ഇക്കാലത്തെ നബിയുല്ലായെ വിശ്വസിച്ചുകൊണ്ട്, അല്ലാഹുവിന്റെ ഗുണവിശേഷമായ റുബൂബിയ്യാത്ത് അഥവാ പരിപാലനത്തിന്റെ തിരിച്ചറിവ് നേടിയിരിക്കുന്നു. ഇതിൽ വളരേണ്ടതും, കൂടുതൽ അനുഗ്രഹം പ്രാപിക്കുന്നതിന് ശ്രമിക്കേണ്ടതും ഓരോ അഹ്മദിയുടേയും ജോലിയാണ്.

ഇനി ഞാൻ, 'പരിപാലനം' എന്ന അല്ലാഹുവിന്റെ സവിശേഷഗുണം എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഉണ്ടായത് എന്നതിന് ചില ഉദാഹരണങ്ങൾ പറയാം.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് പണ്ടുമുതലേ ഭൗതികതയോടു ഒരു താല്പര്യവും ഇല്ലായിരുന്നു. അതുകൊണ്ട് ഭൗതികമായ ഒരു ജോലിയും ചെയ്തിരുന്നില്ല. ഖുർആൻ പാരായണം, അതിലുള്ള ചിന്ത തുടങ്ങിയവയിൽ മാത്രം മുഴുകി. അതുകൊണ്ട് ഭൗതികാവശ്യത്തിന് പിതാവിനെ ആശ്രയിക്കേണ്ടി വന്നിരുന്നു. പിതാവിന്റെ വഫാത്ത് അടുത്തപ്പോൾ അല്ലാഹു ആ വിവരം മസീഹ് മൗഊദ്(അ)നെ അറിയിച്ചു. മാനുഷികമായ തേട്ടം കാരണം, അദ്ദേഹത്തിന് ചിന്തയുണ്ടായി. അതിനെക്കുറിച്ച് അവിടന്ന് പറയുന്നു. "എന്റെ പിതാവിന്റെ വഫാത്തിനെ സംബന്ധിച്ച് അല്ലാഹുവിൽനിന്ന് ഞാനിപ്പോൾ പറഞ്ഞ ഇൽഹാം എനിക്ക് ഉണ്ടായപ്പോൾ, മനുഷ്യൻ എന്ന നിലയിൽ

എന്നെ അത് ചിന്തിപ്പിച്ചു. കാരണം പിതാവിന്റെ വരുമാനവുമായിട്ടായിരുന്നു എന്റെ ജീവിതം ബന്ധിക്കപ്പെട്ടിരുന്നത്. ഏന്തെന്തെല്ലാം വിഷമങ്ങൾ ഉണ്ടാകുമെന്നറിയില്ല. അങ്ങനെയിരിക്കുമ്പോൾ ഈ രണ്ടാമത്തെ ഇൽഹാം ഉണ്ടായി. ***അലയ്സല്ലാഹു ബി കാഫിൻ അബ്ദഹു***. അല്ലാഹു തന്റെ ദാസന് മതിയായവനല്ലേ? ഈ ഇൽഹാം അത്ഭുതകരമായ സമാധാനമാണ് എനിക്ക് നൽകിയത്. അത് എന്റെ ഹൃദയത്തിൽ വല്ലാതെ തറച്ചു. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ പ്രതാപവാനായ അല്ലാഹുവിനെക്കൊണ്ട് സത്യം. അവൻ തന്റെ ഈ സുവിശേഷപരമായ വെളിപാടിനെ ഞാൻ വിചാരിക്കാത്തനിലയിൽ സത്യമായി പുലർത്തിക്കാണിച്ചു. ആരുടേയും പിതാവ് ജാമ്യക്കാരനാവാത്തവിധം അവൻ എന്റെ ജാമ്യക്കാരനായിത്തീർന്നു.

തന്റെ ഒരു ഇൽഹാമി പ്രാർത്ഥനയെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "വെളിപാട് മുഖേന അല്ലാഹു ആദ്യം ഈ പ്രാർത്ഥന എന്റെ നാവിലൂടെ പുറപ്പെടുവിച്ചു. ***റബ്ബിജ്അൽനീ മുബാറക്കൻ ഹയ്സു മാ ഖുംതു*** എന്റെ രക്ഷിതാവേ, ഞാൻ എല്ലായിടവും ജനവാസമുള്ളതാക്കിത്തീർക്കുംവിധമുള്ള അനുഗ്രഹം എന്നോടൊപ്പമുണ്ടായിരിക്കേണമേ. പിന്നീട് അല്ലാഹു, അവൻതന്നെ പറഞ്ഞുതന്ന ആ ദുആ സ്വീകരിക്കുകയും ചെയ്തു."

ആദ്യം ദുആ പഠിപ്പിച്ചു. പിന്നീട് അത് സ്വീകരിച്ചു. ഇത് അത്ഭുതകരമായ സ്വാഗതമാണ്. ഒന്നാമതായി ഇൽഹാം മുഖേന നാവിലൂടെ ചോദിപ്പിക്കുക. പിന്നീട് നിന്റെ ചോദ്യം സ്വീകരിച്ചിരിക്കുന്നു എന്ന് സുവാർത്ത അറിയിക്കുക.

ഇങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഇൽഹാമിലൂടെ അല്ലാഹു നിരവധി ദുആകൾ പഠിപ്പിക്കുകയും അത് സ്വീകരിക്കുകയും ചെയ്തു. ദുആ സ്വീകാര്യതയുടെ ഈ അടയാളത്തോടൊപ്പം പരിപാലനത്തിന്റെ ജ്യോതിസ്സും പ്രകടിപ്പിച്ചു. ഒരുദാഹരണംകൂടി ഞാൻ പറയാം

رَبِّ اَخِّرْ وَقْتَ هٰذَا ۔ اَخَّرَهُ اللّٰهُ اِلٰی وَقْتٍ مُّسَمًّی

അല്ലാഹുവേ, ഭൂകമ്പം ഉണ്ടാകുന്നത് നീ അല്പം നീക്കിവെക്കേണമേ. അല്ലാഹു ഭൂകമ്പത്തെ ഒരു നിശ്ചിതകാലംവരെ മാറ്റിവെക്കുന്നതാണ്.

رَبِّ اَخْرِجْنِیْ مِنَ النَّارِ

എന്റെ നാഥാ, എന്നെ അഗ്നിയിൽനിന്ന് രക്ഷിക്കേണമേ

اَلْحَمْدُ لِلّٰهِ الَّذِیْ اَخْرَجَنِیْ مِنَ النَّارِ

സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു. അവൻ എന്നെ തീയിൽനിന്ന് രക്ഷിച്ചു.

ആദ്യം ദുആ പഠിപ്പിച്ചു. പിന്നെ ഞാൻ പറഞ്ഞതുപോലെ സ്വീകാര്യതയുടെ ദൃഷ്ടാന്തവും അടയാളവും കാണിച്ചു.

رَبِّ اَرِنِیْ اَنْوَارَكَ الْكُلِّيَّةَ

اِنِّیْ اَنَرْتُكَ وَاخْتَرْتُكَ

എന്റെ നാഥാ, എല്ലാം വലയം ചെയ്തിരിക്കുന്ന പ്രകാശങ്ങൾ നീ എനിക്ക് കാണിച്ചുതരേണമേ. ഞാൻ നിന്നെ തിളക്കമുള്ളതാക്കി നിന്നെ മഹത്വവാനുമാക്കി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: കുറച്ചു ദിവസം മുമ്പേ ഞാനൊരു സ്വപ്നം കണ്ടു. ഞാനൊരിടത്തിരിക്കുകയായിരുന്നു. പെട്ടെന്ന് എന്റെ മുമ്പിൽ രൂപ കൂട്ടിവെച്ചിരിക്കുന്നതായി കണ്ടു. ഇതെവിടുന്ന് വന്നു എന്നോർത്ത് ഞാൻ അത്ഭുതപ്പെട്ടു. അവസാനം അല്ലാഹുവിന്റെ മലക്ക് നമ്മെ സഹായിക്കാൻ ഇവിടെ കൊണ്ടുവെച്ചതാവാം എന്ന നിഗമനത്തിലെത്തി. അതിനോടൊപ്പം വെളിപാടുണ്ടായി.

اِنِّیْ مُرْسِلٌ اِلَيْكُمْ هَدِيَّةً

ഞാൻ നിന്നിലേക്ക് സമ്മാനം അയക്കുന്നവനാണ്. അതിനോടൊപ്പം എന്റെ മനസ്സിൽ ഇങ്ങനെയൊരു വ്യാഖ്യാനം പൊന്തിവന്നു. നമ്മുടെ ആത്മാർത്ഥ സഹോദരൻ ഹാജി സേട്ട് അബ്ദുർറഹിമാൻ സാഹിബ് മലക്കിന്റെ രൂപത്തിൽ സദൃശീകരിക്കപ്പെട്ടതായിരിക്കാം. അദ്ദേഹം പണം അയക്കും. അങ്ങനെ ഞാൻ ആ സ്വപ്നം അറബിഭാഷയിൽ എന്റെ ഗ്രന്ഥത്തിൽ എഴുതി രേഖപ്പെടുത്തി. അത് ഇന്നലെ വ്യക്തമായും പുലരുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 18 വർഷം മുമ്പേയുള്ള ഒരു പ്രവചനമാണ്. ***അൽഹംദുലില്ലാഹില്ലദീ ജഅല ലക്കുസ്സിഹ്റ ഹുവന്നസ്ല്***

മരുമകൻ എന്നുള്ള നിന്റെ ബന്ധം സയ്യിദായ ഒരു മാന്യജനതയുമായി ഉറപ്പിച്ച ആ അല്ലാഹു സത്യവാനാണ്. അവൻ നിന്റെ തലമുറയെ മാന്യമാക്കുകയും ചെയ്തു. പറയുന്നു: ഈ പ്രവചനം മറ്റു ഇൽഹാമുകളിൽ കൂടുതൽ വിശദീകരിച്ചു പറഞ്ഞി

രിക്കുന്നു. എത്രത്തോളമെന്നാൽ ആ പട്ടണത്തിന്റെ പേരുപോലും പറഞ്ഞിട്ടുണ്ട്, ഡൽഹിയാണെന്ന്. ഹദ്റത്ത് അമ്മാജാനുമായിട്ടുള്ള രണ്ടാമത്തെ വിവാഹത്തെ സംബന്ധിച്ചുള്ള സംഭവങ്ങളടങ്ങിയതാണിത്. ഈ പ്രവചനം ഒരുപാടാളുകളെ കേൾപ്പിച്ചിരുന്നു. അത് രേഖപ്പെടുത്തിയതുപോലെതന്നെ പുലരുകയും ചെയ്തു. കാരണം ഒരു ബന്ധവും മുമ്പേ ഇല്ലാതിരുന്നിട്ടും ഡൽഹിയിലെ മാന്യവും പ്രസിദ്ധവുമായ ഒരു സൗഭാഗ്യകുടുംബവുമായി എന്റെ വിവാഹം നടന്നു. എന്റെ സന്താനപരമ്പരയിൽ ദീനിനെ സഹായിക്കുന്നവരുടെ അടിത്തറയിടുമെന്നും അതിൽനിന്ന് ദൈവികാത്മാവ് കുടികൊള്ളുന്ന വ്യക്തി പിറക്കുമെന്നും അവന്റെ വാഗ്ദാനമായിരുന്നു. അതുകൊണ്ട് ഈ കുടുംബത്തിലെ പെൺകുട്ടിയെ ഞാൻ വിവാഹം കഴിക്കണമെന്ന് അവൻ ഇച്ഛിച്ചു. അതിലൂടെ അല്ലാഹു സൗഭാഗ്യവാന്മാരായ പുത്രന്മാരെ എനിക്ക് നല്കും. അവരെ ലോകത്ത് അധികമായി വ്യാപിപ്പിക്കും. സാദാത്തിന്റെ പിതൃമഹിയുടെ പേര് ശഹ്റുബാനു എന്നായിരുന്നതുപോലെ വരാൻപോകുന്ന എന്റെ കുടുംബത്തിന്റെ മാതാവായിരിക്കുന്ന എന്റെ ഭാര്യയുടെ പേരും നുസ്റത്ത് ജഹാം ബീഗം എന്നാണ്. ഇത് സൂചിപ്പിക്കുന്നത് അല്ലാഹു സകലലോകത്തേയും സഹായിക്കുന്നതിനായി എന്റെ ഭാവികുടുംബത്തിന് അടിത്തറയിട്ടു കഴിഞ്ഞു എന്നാണ്. ഇത് അല്ലാഹുവിന്റെ നടപടി ക്രമമാണ്. ചിലപ്പോൾ പേരുകളിലും അവന്റെ പ്രവചനം മറഞ്ഞിരിക്കുന്നു."

നോക്കുക, പിതാവിന്റെ മരണമറിഞ്ഞപ്പോൾ അവിടന്ന് വല്ലാതെ വിഷമിച്ചു. ജീവിതം എങ്ങനെ മുന്നോട്ടുപോകുമെന്നുള്ള ചിന്തയായിരുന്നു. എന്നാൽ അല്ലാഹു സമാധാനിപ്പിച്ചതിനുശേഷം സകലലോകത്തിന്റേയും സഹായത്തിനായി ആ സർവ്വലോകപരിപാലകൻ അവിടത്തെ കുടുംബത്തിന് അടിത്തറയിട്ടു. സകലലോകത്തേയും സഹായിക്കുക എന്നതാണ് ആ കുടുംബത്തിന്റെ അടിത്തറ.

തന്റെ മുഖം നബി(സ)യിലൂടെയും പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ടെയും കാണിച്ച ആ അല്ലാഹുവാണിത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹു പറയുന്നു വാസ്തവത്തിൽ ഞാൻ തന്നെയാണ് പരിപാലകൻ എന്ന്. അല്ലാഹുവിന്റെ പാലനമില്ലെങ്കിൽ ആർക്കും ഒരു പരിപാലനവും നടത്താൻ കഴിയുകയില്ല. നോക്കുക ആരെയെങ്കിലും അല്ലാഹു രോഗിയാക്കിയാൽ മനുഷ്യൻ എത്രയെത്ര ശ്രമിച്ചാലും അവസാനം അയാൾ മരിക്കുന്നു. പ്ലേഗിലേക്ക് നിങ്ങൾ ചിന്തിക്കുക. എത്ര ശക്തമായി അത് ആഞ്ഞടിച്ചു. അതിനെ അകറ്റാൻ എത്രമാത്രം ശ്രമമുണ്ടായി. പക്ഷേ, അത് വിട്ടുമാറിയില്ല. എല്ലാ നന്മകളും അവനിൽനിന്നാണ്. എല്ലാ തിന്മകളും അകറ്റുന്നതും അവൻ തന്നെയാണ്. പിന്നീട് പറയുന്നു: ***അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ*** സകലസ്തുതിയും അല്ലാഹുവിനാകുന്നു. സർവ്വലോകത്തിന്റേയും പരിപാലനം അവന്റേതുതന്നെയാണ്. അവസാനമായിട്ട് നബി(സ)യുടെ ഒരു പ്രാർത്ഥന ഞാൻ ചൊല്ലുകയാണ്. ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. റസൂൽ(സ) വിഷമങ്ങൾ ഉണ്ടാകുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു. അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ല. അവൻ ഏറ്റവും വലിയവനും പരിശുദ്ധനുമാണ്. അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ല. അവൻ മഹത്തായ സിംഹാസനത്തിന്റെ റബ്ബാകുന്നു. അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ല. അവൻ ആകാശത്തേയും ഭൂമിയേയും പരിപാലിക്കുന്നവനാണ്. ആദരണീയമായ അരശിന്റെ റബ്ബുമാണ്. യഥാർത്ഥത്തിൽ നബി(സ) തിരുമേനിയുടെ പുതപ്പും വിരിപ്പും അല്ലാഹുവിന്റെ സത്തയും റബ്ബുൽആലമീന്റെ മുന്നിലുള്ള പ്രണാമവും ആയിരുന്നു. നിവേദനം ചെയ്യുന്നയാൾ ഈ ദുആ നബി(സ) കൂടുതൽ ചെയ്യുന്നതായി ഒരു ഘട്ടത്തിൽ കണ്ടിട്ടുണ്ടാകാം.

എന്തായാലും ഇതൊരു നല്ല പ്രാർത്ഥനയാണ്. എപ്പോഴും ഇത് നമ്മുടെ മുമ്പിലുണ്ടാകണം. അല്ലാഹു നമ്മുടെ രക്ഷിതാവിനെ തിരിച്ചറിയാൻ നമുക്ക് സൗഭാഗ്യം തന്നരുളുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 8.12.2006 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala